"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കൊല്ലം നഗരസഭയിലെ സൂപ്രണ്ട് ശ്രീമതി. എസ്.ലക്ഷ്മി, സീനിയർ ക്ലർക്ക് ശ്രീ. സൈജു. എസ് എന്നിവർ സമർപ്പിച്ച പുന:പരിശോധനാ ഹർജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.1635/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/09/2020

പരാമർശം:- 1 19.01.2019 തീയതിയിലെ സ.ഉ(സാധാ) നം.96/2019/തസ്വഭവ.

2 ശ്രീ. സൈജു. എസ് സമർപ്പിച്ച 12.02.2019തീയതിയിലെ പുനപരിശോധനാ ഹർജി

3 ശ്രീമതി. എസ്.ലക്ഷ്മി സമർപ്പിച്ച 13.03.2019തീയതിയിലെ പുനപരിശോധനാ ഹർജി

4 നഗരകാര്യ ഡയറക്ടറുടെ 20.02.2020 തീയതിയിലെ വി1-2315/16 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം നഗരസഭയിൽ 09.09.2013-ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ, കണ്ടെത്തിയ ക്രമക്കേടുകളെ തുടർന്ന് വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതിൻ പ്രകാരം ടി നഗരസഭയിലെ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുള്ളതിന്റെ ഭാഗമായി സർക്കാരിൽ നിന്നും കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയും പ്രസ്തുത അച്ചടക്കനടപടികൾ സൂപ്രണ്ടായിരുന്ന ശ്രീമതി. എസ്.ലക്ഷ്മി, സീനിയർ ക്ലർക്കായ ശ്രീ. സൈജു. എന്നിവരുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കിക്കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പുന.പരിശോധിക്കുന്നതിലേയ്ക്കായി ശ്രീ. സൈജു. എസ്, ശ്രീമതി.എസ്. ലക്ഷ്മി, എന്നിവർ പരാമർശം 2,3 പ്രകാരം ഹർജി സമർപ്പിച്ചിരുന്നു.

2. കൊല്ലം നഗരസഭയിൽ സൂപ്രണ്ടായി സേവനമനുഷ്ഠിച്ച വരവെ വിജിലൻസ് മിന്നൽ പരിശോധനയിൽ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ യഥാവിധി എഴുതി സൂക്ഷിച്ചിരുന്നില്ല എന്ന് കണ്ടെത്തിയതിനാലാണ് ശ്രീമതി.എസ്.ലക്ഷ്മിക്ക് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നത്. ടിയാരി ജോലിയിൽ പ്രവേശിച്ചപ്പോഴോ അതിനു ശേഷമോ നഗരസഭയിലെ സെക്ഷനുകളിലൊന്നും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ കൈകാര്യം ചെയ്തിരുന്നില്ലെന്നും അതിനെപ്പറ്റി അറിവുണ്ടായിരുന്നില്ലെന്നും ശ്രീമതി. എസ്. ലക്ഷ്മി മറുപടി സമർപ്പിച്ചിരുന്നു. എന്നാൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കാതിരുന്നത് ഗുരുതരമായ കൃത്യവിലോപമാണെന്ന് നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെയടിസ്ഥാനത്തിൽ ശ്രീമതി. എസ്. ലക്ഷ്മിയുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ

തടഞ്ഞുകൊണ്ട് അച്ചടക്ക നടപടികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. എന്നാൽ ടിയാളുടെ സേവനകാലത്തിനിടയിൽ മറ്റൊരു വീഴ്ചയും ഉണ്ടായിട്ടില്ലെന്നും ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റവും ചുമത്തിയിരിക്കുന്ന ശിക്ഷയും ആനുപാതികമായി കാണാൻ കഴിയാത്തതാണെന്നും പുന:പരിശോധനയിലൂടെ ശിക്ഷ ലഘൂകരിക്കണമെന്നും ശ്രീമതി. എസ്. ലക്ഷ്മി അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെടുന്നു.

3. കൊല്ലം നഗരസഭയിലെ സെക്ഷൻ ക്ലാർക്ക് ശ്രീ. എസ്. സൈജു വാർദ്ധ്യകാല പെൻഷൻ സംബന്ധിച്ച് സ്വീകരിച്ചിരുന്ന 247 അപേക്ഷകളിൽ 194 എണ്ണം നടപടികൾ പൂർത്തിയാക്കാതെ സൂക്ഷിച്ചിരുന്നതായി മിന്നൽ പരിശോധനയിൽ കണ്ടെത്തിയതിനാലാണ് ടിയാന് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നത്. പ്രസ്തുത അപേക്ഷകളിന്മേൽ വിവിധ ക്ഷേമകമ്മിറ്റികളുടെ തീരുമാനങ്ങൾ പ്രകാരം നടപടി സ്വീകരിച്ചിരുന്നതാണെന്നും എന്നാൽ ആപ്ലിക്കേഷൻ രജിസ്റ്ററിൽ യഥാസമയം എഴുതി ചേർക്കാൻ വിട്ടുപോയതിനാലാകാം നടപടി പൂർത്തിയായില്ല എന്നുള്ള റിപ്പോർട്ട് ഉണ്ടായിട്ടുള്ളതെന്നും ശ്രീ. എസ്. സൈജു മറുപടി നൽകിയിരുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ യഥാർത്ഥ വസ്തുതകൾ പരിശോധിക്കാതെയാണ് ശിക്ഷാവിധി ഉണ്ടായിട്ടുള്ളതെന്നും നടപടികൾ ഒഴിവാക്കിത്തരണമെന്നും കാണിച്ച് ശ്രീ. എസ്. സൈജു അപ്പീൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ദിവസവും നൂറിലധികം ആളുകളാണ് പെൻഷൻ അന്വേഷണത്തിനായി സെക്ഷനിൽ എത്തുന്നതെന്നും ഓഫീസ് സമയം മുഴുവനും ടിയാളുകളുടെ പരാതികൾ പരിഹരിക്കുന്നതിനും മറുപടി പറയുന്നതിനുമായിട്ടാണ് വിനിയോഗിക്കുന്നതെന്നും അപേക്ഷകൾ തീർപ്പാക്കുന്നതിന് അവധി ദിവസങ്ങളിലും ഞായറാഴ്ചകളിലും ഓഫീസിൽ ഹാജരാകാറുണ്ടെന്നും പരാമർശിത അപേക്ഷകളിന്മേലുള്ള കമ്മിറ്റി തീരുമാനങ്ങളും അജണ്ടയും വിജിലൻസിന് പരിശോധിക്കാൻ നൽകിയതാണെങ്കിലും ആയത് പരിശോധിക്കാതെ രജിസ്റ്ററിൽ തീർപ്പായ വിവരം രേഖപ്പെടുത്തിയില്ല എന്ന നിസ്സാരകാരണത്താൽ നടപടി പൂർത്തിയാക്കിയില്ല എന്ന് വിജിലൻസ് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും അപ്പീൽ അപേക്ഷയിൽ വിശദീകരിക്കുന്നു. ടി സെക്ഷനിലെ ജോലിഭാരം കണക്കിലെടുത്ത് 2015-ൽ ടിയാനെ സഹായിക്കാനായി ഒരു ക്ലാർക്കിന് അധിക ചുമതല നൽകിയിരുന്നതായി സൂചിപ്പിച്ചിട്ടുള്ളതും മന:പൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കണമെന്ന് ടിയാൻ അപേക്ഷിച്ചിട്ടുള്ളതുമാണ്.

4. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീ. സൈജുവിന്റെ അപേക്ഷയിലെ വാദങ്ങൾ സംബന്ധിച്ച് കൊല്ലം നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണെന്നും, കുറ്റാരോപണ മെമ്മോയിൽ പറഞ്ഞിരുന്ന 247 അപേക്ഷകളിൽ നടപടി പൂർത്തിയാക്കാതെ സൂക്ഷിച്ചിരുന്ന 194 അപേക്ഷകളിൽ 120 അപേക്ഷകൾ പരിശോധനാ സമയത്ത് തന്നെ ക്ഷേമകാര്യ സ്ഥിരം സമിതിയുടെ 26.03.2013, 22.05.2013, 20.06.2013, 07.08.2013 എന്നീ തീയതികളിലെ വിവിധ തീരുമാനങ്ങൾ പ്രകാരം പെൻഷൻ അനുവദിച്ചിട്ടുള്ളതാണെന്ന് റിപ്പോർട്ടിൽ പറയുന്നതായും, കൂടാതെ ബാക്കിയുള്ള അപേക്ഷകൾ അന്വേഷണത്തിനായി ഉദ്യോഗസ്ഥർക്ക് കൈമാറിയിരുന്നതാണെന്നും 2013 വർഷത്തിൽ ടിയാന്റെ സെക്ഷനിൽ നിന്നും 3,528 അപേക്ഷകർക്ക് പെൻഷൻ അനുവദിച്ചിട്ടുള്ളതാണെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നതായും, തിരക്കുമൂലം രജിസ്റ്ററിൽ രേഖപ്പെടുത്താതിരുന്നതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും നടപടിയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി അഭിപ്രായപ്പെട്ടിട്ടുള്ളതായും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. എന്നാൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ പരിപാലിക്കാത്തതും പെൻഷൻ അപേക്ഷകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കാത്തതും അത്യന്തം ഗൗരവകരവും

ഔദ്യോഗിക കൃത്യനിർവ്വഹണത്തിലുള്ള ഗുരുതരമായ വീഴ്ചയുമാണ് എന്നും, ശ്രീമതി. എസ്. ലക്ഷ്മിയുടെ അപേക്ഷയിലെ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെ കുറിച്ച് അറിവില്ലായിരുന്നു എന്നുള്ള വാദം അംഗീകരിക്കാവുന്നതല്ലായെന്നും സൂപ്പർവൈസറി ഓഫീസറായിരുന്ന ടിയാളുടെ ഭാഗത്തു നിന്നുള്ള ഇത്തരം മറുപടി പരിഗണനാർഹമല്ലെന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. എന്നാൽ ശ്രീ. എസ്. സൈജു അപേക്ഷകളിന്മേൽ യഥാസമയം നടപടി സ്വീകരിച്ചിരുന്നുവെന്നും അപേക്ഷകൾ തീർപ്പാക്കിയതു സംബന്ധിച്ച വിവരങ്ങൾ ജോലിത്തിരക്കു മൂലം രജിസ്റ്ററിൽ രേഖപ്പെടുത്താതെ പോയതാണ് എന്നുമുള്ള പരാമർശങ്ങൾ അംഗീകരിക്കാവുന്നതും ടിയാന്റെ അപേക്ഷ പരിഗണിച്ച് ടിയാന് നല്കിയിട്ടുള്ള ശിക്ഷയിൽ ഇളവു വരുത്തുന്ന വിഷയം പരിഗണനാർഹമാണെന്നും നഗരകാര്യഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

5. സർക്കാരും ഇക്കാര്യം വിശദമായി പരിശോധിച്ചു. വിജിലൻസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം കൊല്ലം നഗരസഭയിലെ സൂപ്രണ്ടായിരുന്ന ശ്രീമതി. ലക്ഷ്മിയ്ക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി സർക്കാർ വിശദമായി പരിശോധിച്ചിരുന്നതും ടിയാരിയുടെ ഭാഗത്ത് നിന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിലുള്ള വീഴ്ച ബോധ്യമായതിനാലാണ് ആനുപാതികമായ ലഘുശിക്ഷ നൽകിയിരുന്നത്. ആയതിനാൽ പ്രസ്തുത തീരുമാനം പുന:പരിശോധിക്കുന്നതിനാവശ്യമായ കാരണങ്ങളൊന്നും അപ്പീൽ അപേക്ഷയിൽ കാണുന്നില്ല. എന്നാൽ നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീ. എസ്. സൈജു അപേക്ഷകളിന്മേൽ യഥാസമയം നടപടി സ്വീകരിച്ചിരുന്നുവെന്നും അപേക്ഷകൾ തീർപ്പാക്കിയതു സംബന്ധിച്ച വിവരങ്ങൾ ജോലിത്തിരക്കു മൂലം രജിസ്റ്ററിൽ രേഖപ്പെടുത്താതെ പോയതാണ് എന്നുമുള്ള പരാമർശങ്ങൾ അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു.

6. മേൽ സാഹചര്യത്തിൽ കൊല്ലം നഗരസഭയിലെ സൂപ്രണ്ടായിരുന്ന ശ്രീമതി.എസ്. ലക്ഷ്മിയുടെ അപ്പീൽ നിരസിച്ച് കൊണ്ടും, ശ്രീ. എസ്. സൈജുവിന്റെ അപേക്ഷ പരിഗണിച്ച് ടിയാന് നല്കിയിട്ടുള്ള ശിക്ഷ "താക്കീത്" ആയി ഇളവു വരുത്തിയും പരാമർശം 2,3 പ്രകാരമുള്ള അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീമതി.എസ്. ലക്ഷ്മി, സൂപ്രണ്ട്, കൊല്ലം നഗരസഭ(നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീ. എസ്. സൈജു, സീനിയർ ക്ലർക്ക്,കൊല്ലം നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ